(ബി) എങ്കിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പലിശയില്ലാ വായ്പ നൽകുന്നത്;

(സി) എത്ര തുക വരെ പലിശയില്ലാ വായ്പ നൽകുന്നുണ്ട്;

(ഡി) എത്ര സഹകരണ ബാങ്കുകൾ ഇത്തരം വായ്പ നൽകി വരുന്നു;

(ഇ) വായ്പ നൽകുന്നതിനുള്ള വ്യവസ്ഥയെന്തെല്ലാം?

ഉത്തരം

(എ) പലിശയില്ലാ വായ്പ മാത്രം നൽകുന്ന ബാങ്കുകൾ സംസ്ഥാനത്ത് നിലവിലില്ല. എന്നാൽ എറണാകുളം ജില്ലാ സഹകരണ ബാങ്ക് പ്രത്യേക കേസുകളിൽ പലിശയില്ലാ വായ്പകൾ നൽകുന്നുണ്ട്.

(ബി) മാരകമായ രോഗങ്ങൾ പിടിപെട്ടവർക്ക് ടി രോഗം ചികിൽസിച്ച് ഭേദമാക്കുന്നതിലേക്കായി പലിശയില്ലാ വായ്പ എറണാകുളം ജില്ലാ ബാങ്ക് നൽകുന്നുണ്ട്. കൂടാതെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കമ്പ്യൂട്ടറൈസേഷൻ, കെട്ടിട നിർമ്മാണം, ഗോഡൗൺ നിർമ്മാണം എന്നിവയ്ക്കും ബാങ്കിന്റെ സഹകരണ ഡെവലപ്മെന്റ് ഫണ്ടിൽനിന്നും പലിശയില്ലാ വായ്പ നൽകി വരുന്നു.

(സി) മാരക രോഗങ്ങൾ പിടിപെട്ടവർക്ക് ഒരു ലക്ഷം രൂപവരെയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മാണം, കെട്ടിട നിർമ്മാണം, കമ്പ്യൂട്ടറൈസേഷൻ എന്നിവയ്ക്ക് 20 ലക്ഷം രൂപവരെയും പലിശയില്ലാ വായ്പ നൽകുന്നുണ്ട്.

(ഡി) എറണാകുളം ജില്ലാ സഹകരണ ബാങ്ക് മാത്രമേ ഇത്തരം വായ്പ നൽകി വരുന്നുള്ളൂ.

(ഇ) വ്യവസ്ഥകൾ സംബന്ധിച്ച കൂടുതൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി

147 [601] ശ്രീ. പി. ജയരാജൻ:

" വി. ചെന്താമരാക്ഷൻ:

" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് റഗുലേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷം ബാങ്കിംഗ് നിയന്ത്രണ നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ പിൻവലിക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ഉന്നയിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര ഗവൺമെന്റ് നടപടിമൂലം സംസ്ഥാന സഹകരണ ക്രെഡിറ്റ് മേഖല ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാങ്കിംഗ് റഗുലേഷൻ നിയമം ഭേദഗതികൾ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ്. ഭരണഘടന പ്രകാരം സംസ്ഥാനങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണ് സഹകരണ പ്രസ്ഥാനം. സഹകരണ സംഘങ്ങളുടെ ഘടന, ഭരണ സംവിധാനം തുടങ്ങിയ എല്ലാ കാര്യങ്ങളും സംസ്ഥാന നിയമസഭ പാസ്സാക്കുന്ന നിയമങ്ങളെ മാത്രം ആശ്രയിച്ചായിരിക്കും. നിർദ്ദിഷ്ട നിയമഭേദഗതി സഹകരണ സംഘങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണാധികാരം പരിമിതപ്പെടുത്തും. ചെയർമാൻ, ഡയറക്ടർമാർ എന്നിവരുടെ യോഗ്യത നിശ്ചയിക്കൽ, ഡയറക്ടർമാരെ പിരിച്ചുവിട്ട് സംഘത്തിന്റെ ഭരണം ഏറ്റെടുക്കൽ തുടങ്ങി സംസ്ഥാന സഹകരണ നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളിലുമുള്ള അധികാരം റിസർവ്വ് ബാങ്കിന് നിർദ്ദിഷ്ട നിയമ ഭേദഗതിമൂലം ലഭ്യമാകുന്നു. ഇതുമൂലം സഹകരണ പ്രസ്ഥാനത്തിന്റെ ജനാധിപത്യ സ്വഭാവവും അടിസ്ഥാന തത്വങ്ങളും ഇല്ലാതാകാനിടയുണ്ട്. കേരളത്തിലെ ക്രെഡിറ്റ് സഹകരണ സംഘങ്ങളിൽ മിക്കവയും 'ബാങ്ക്' എന്ന ശീർഷകത്തിലാണ് അറിയപ്പെടുന്നത്. റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് ബാങ്കിംഗ് പ്രവർത്തനങ്ങൾ നടത്താൻ പാടില്ല, ബാങ്കിംഗ് സഹകരണ സ്ഥാപനമല്ലാത്ത സഹകരണ സംഘങ്ങൾക്ക് 'ബാങ്ക്', 'ബാങ്കർ', 'ബാങ്കിംഗ്' എന്നീ പദങ്ങൾ ബിസിനസ്സിന്റെ ഭാഗമായി ഉപയോഗിക്കുവാൻ പാടില്ല എന്നീ നിബന്ധനകൾ മൂലം കേരളത്തിലെ ക്രെഡിറ്റ് സഹകരണ സ്ഥാപനങ്ങളുടെ ജനവിശ്വാസത്തിന് കോട്ടം തട്ടുകയും പ്രസ്ഥാനത്തിന്റെ വളർച്ചയെയും വിശ്വാസയോഗ്യതയെയും ബാധിക്കാനിടയുണ്ട്. സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ സമ്പാദ്യശീലത്തിന്റെ അടിത്തറയും, സംഘങ്ങളുടെ പ്രധാന വരുമാനമായ സ്രോതസ്സുമായ 'ചിട്ടി' ഇടപാടുകൾ നിറുത്തലാക്കേണ്ടി വരും. സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്താൻ നിയമം മൂലം സഹകരണസംഘം രജിസ്ട്രാറിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള അധികാരം റിസർവ്വ് ബാങ്ക് നിർദ്ദേശിക്കുന്ന തരത്തിൽ നിർവ്വഹിക്കേണ്ടതായും വരും.

(ബി) പുതിയ സർക്കാർ ഇക്കാര്യത്തിൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഉന്നയിച്ചിട്ടില്ല.

(സി) ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി നടപ്പിലായിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly